**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1148** **07-10-2021 - ൽ മറുപടിയ്ക്ക്**

**ഇലക്ട്രിക്കൽ വർക്കുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കാനത്തിൽ ജമീല | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | പി.ഡബ്ള്യു.ഡി ഇലക്ട്രിക്കൽ വിഭാഗത്തിലുള്ളവർ തന്നെ ഗ്രാമപഞ്ചായത്ത് മുതലുള്ള സ്ഥാപനങ്ങളുടെയടക്കം ഇലക്ട്രിക്കൽ വർക്കുകൾ ഏറ്റെടുത്ത് നടത്തുന്നത് കാരണം വലിയ ജോലിഭാരം ഈ വിഭാഗം അനുഭവിച്ച് വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | അസിസ്റ്റൻറ് എഞ്ചിനീയർമാരുടെ ചുമതലയുടെ പരിധി കുറച്ച് കൊണ്ടുവരാനും പ്രവൃത്തികൾ കാലതാമസം കൂടാതെ ടെണ്ടർ ചെയ്ത് നടപ്പിലാക്കാനും ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ; | (ബി) | അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ ചുമതലയുടെ പരിധി കുറച്ച് കൊണ്ടുവരാനും പ്രവൃത്തികൾ കാലതാമസം കൂടാതെ ടെണ്ടർ ചെയ്ത് നടപ്പിലാക്കാനുമുള്ള നിർദ്ദേശങ്ങളടങ്ങിയ വ്യക്തവും, വിശദവുമായ ശുപാർശ ചീഫ് എഞ്ചിനീയറിൽ നിന്നും ലഭ്യമാകുന്ന മുറയ്ക്ക് സർക്കാർ ഇക്കാര്യം പരിശോധിക്കുന്നതാണ്. |
| (സി) | പ്രസ്തുത വിഭാഗത്തിലേക്ക് കൂടുതൽ തസ്തികകൾ അനുവദിച്ച് നടപടികൾ വേഗത്തിലാക്കാൻ ആവശ്യമായ സംവിധാനം ഏർപ്പെടുത്തുമോ; വിശദമാക്കാമോ? | (സി) | വൈദ്യുത വിഭാഗത്തിന്റെ ശാക്തീകരണവുമായി ബന്ധപ്പെട്ടും, വൈദ്യുത വിഭാഗം ജീവനക്കാരുടെ ജോലിഭാരം കണക്കിലെടുത്തും 16/01/2019-ലെ സ.ഉ(കൈ) നം.4/2019/പൊ.മ.വ പ്രകാരം 8 തസ്തികകളും, 28/06/2019-ലെ സ.ഉ(കൈ) നം. 31/2019/പൊ.മ.വ പ്രകാരം 68 തസ്തികകളും, 04/06/2020-ലെ സ.ഉ(കൈ) നം.49/2020/പൊ.മ.വ പ്രകാരം 43 തസ്തികകളും വൈദ്യുത വിഭാഗത്തിൽ അധികമായി സൃഷ്ടിച്ച് ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ